നം: സി.ഇ.ഇ/4050/2016/KEAM -2017/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശനപ്പരീക്ഷ-2017

## ഉത്തര സൂചികകൾ പ്രസിദ്ധീകരിച്ചു

2017 ഏപ്രിൽ **24, 25** തീയതികളിൽ നടന്ന എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയുടെ ഉത്തരസൂചികകൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഉത്തരസൂചികകൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരസൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **100 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **02.05.2017, (ചൊവ്വാഴ്ച)** ക്കുള്ളിൽ തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, ഇ-മെയിൽ, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ ആ ചോദ്യത്തിനു വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

തിരുവനന്തപുരം
25.04.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**